

നിറവ്
ജി. എച്ച്.എസ്.എസ്. ചാത്തന്നൂർ
നിറവ്

# ആശംസകൾ

**പുതു തലമുറയിലെ കുട്ടികൾക്ക് സുപരിചിതങ്ങളായ ടെക്നിക്കുകൾ ഉപയോഗപ്പെടുത്തി ജി എച് എസ്സ് എസ്സ് ചാത്തന്നൂരിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ മാഗസ്സിൻ "നിറവിന് " എല്ലാവിധ ആശംസകളും നേരുന്നു.**

**ഒത്തിരി ഇഷ്ടത്തോടെ**
**ഉണ്ണിമാഷ്**
**ഹെഡ്മാസ്റ്റർ**

ജി എച്ച് എസ് എസ് ചാത്തന്നൂർ

## ഉള്ളടക്കം


ആശംസകൾ....................2
മാരുതസ്പർശം....................5
WAITING A LIGHT....................6
ഒടുവിലത്തെ നനയും....................7
പ്രകൃതിയുടെ ഭാവങ്ങൾ....................8
ഉള്ളം കവർന്ന ചിരി....................9
ചേച്ചിയമ്മ....................11
പാറു....................12
അമ്മ മലയാളം....................13
സ്വപ്ന ജാലകം....................14
വഴികാട്ടി....................16
മധുരം....................17
യാത്ര....................18
ഒറ്റയ്ക്ക്....................19


ജി എച്ച് എസ് എസ് ചാത്തന്നൂർ


ഗവ:ഹയർസെക്കന്ററിസ്കൂൾ
ചാത്തനൂർ.പാലക്കാട് ജില്ല

എസ് എസ് ചാത്തനൂർ


GHSS ചാത്തനൂർ
SSLC, PLUS TWO
വിജയികൾക്ക് അനുമോദനം
വിജയോത്സവം
2023 ജൂൺ 22 വ്യാഴം
ഉദ്ഘാടനം : പി.മമ്മിക്കുട്ടി എം.എൽ.എ

# മാരുതസ്പർശം

അകലെ നിന്നൊരു മലർ മണമായി
അണയു നി ഇന്നെന്നരികിൽ..
ഹൃദയമിടിപ്പിന്റെ താളത്തിൽ ഞാൻ
എന്നും നിന്നെ അറിഞ്ഞിടുന്നു..
മിഴികൾ നിറയും വേളകളിൽ
അമ്മയായ് നി എന്നെ പുണർന്നീടും
ഏകനായ് ഞാൻ നിൽക്കുമ്പോൾ..
എൻ തോഴനായ് നി വന്നിടും..
വേനൽ ചൂടിൽ വലയുമ്പോൾ
ഒരു കുമ്പിൾ കുളിരായ് നീ അണയും...
നിദ്രയെ തേടും രാവുകളിൽ
താരാട്ടു പാട്ടായ് എന്നിൽചേർന്നിടും..
കാണാനായ് സുന്ദരരൂപം
ഇല്ലെങ്കിലും..എന്നും
അറിയുന്നു നിന്നിലെ...മൂകരൂപം...
ഞാനറിയാതെ അറിയുന്ന
സ്നേഹ സ്പർശം...

ശ്രീഹരി
ഒൻപത് സി

ജി എച്ച് എസ് എസ് ചാത്തന്നൂർ

# WAITING A LIGHT

Oh! my God, please give my plant a new life.
Please don't put her to death.
Give a hand to this beautiful world, she will live in a side.
She is a small plant she will never grow like big trees.
I will give her care and love. But, l have no magic or no ability to give her life.
That is you, You are the only- person who has the power to give life...
Please give her just a small leaf.
Then I will take care of her
And I will help to live her in this world.
I am watching other plants
And they are looking so beautiful and sweet...
My plant is a small baby- rose plant. She has no leaf buds nothing only brown steam.
The honey is glittering and shining around the other plants in the other garden.

And the bees are sucking nectar from them.
Wow! What a nice look.
But when I looking to my plant I am feeling sad...
The other plants are so happy.But, my plant is so sad and she is not smiling, she is tired.
Please, God! You don't do this to my plant she is poor
Why are teasing us?
Please give her a new life.....

VAISHNAVI K M
9 A

ജി എച്ച് എസ് എസ് ഉദിനൂർ

# ഒടുവിലത്തെ നനയും

ആർത്തുല്ലസിച്ച കരിമേഘങ്ങളും
പെയ്തു തീർന്ന മഴയും
ഉദിച്ചുവന്ന സൂര്യനും എല്ലാം സാക്ഷിയായ് .
നനത്ത ചില്ലകൾ, തളിർത്ത മരങ്ങൾ
കനത്ത ചൂടിനെ നനത്തപ്രഭാതമായ് മാറ്റിയ കൈകൾ,
ഇന്നിതാ മൂർച്ചയേറിയ വാക്കിന്നുമപ്പുറ ० അവനെ-
ന്നായുധം കൊണ്ടെന്റെ
ജീവനെ മുറിക്കയായ് ,
ആരുമില്ലിന്നീവിധിയെ തടുക്കുവാൻ, ആർക്കാലും കഴിയില്ലിന്നതിൻ
വേരറുക്കുവാൻ . പെയ്തു തീർന്നിന്നതിൻ ഇലകൾതൻ സങ്കടം
പെയ്യുന്നിതാ വീണ്ടുമാ, കരിമേഘവും.
ഭൂമിയും മാനവും സാക്ഷിയായിന്നതാ വേരറുത്തു മുറിച്ച
മാറ്റിയെൻ ജീവനാം മരങ്ങളെ,
മാനം തെളിഞ്ഞു വെളുത്തു എൻ മേഘങ്ങൾ
എന്നിട്ടുമാരാലും കഴിഞ്ഞില്ല -
തിൻ കണ്ണീരൊന്നൊപ്പുവാൻ.

ഗോപിക
ഒൻപത് എ

ജി എച്ച് എസ് എസ് ചാത്തന്നൂർ

# പ്രകൃതിയുടെ ഭാവങ്ങൾ

പ്രകൃതി ഓരോ ദിവസവും പുതുമയേറിയ ഓരോ അനുഭവങ്ങളും, മനോഹരമായഭാവങ്ങളും നമ്മുക്ക് കാട്ടി തരുന്നു. അതിലെ അതിമനോഹര മായ കാഴിച്ചയാണ്പൊൻപുലരി. ആ സമയത് നമ്മുടെ പ്രകൃതി കുളിച്ച് ഒരുങ്ങുന്ന സമയം. ശുദ്ധവായുവും,ഇളംകാറ്റും, തണുപ്പും ആയി വളരെ മനോഹാരിതയോടെ സൂര്യനെ വരവേൽകുവാൻകാത്തിരിക്കുന്നു. ഒപ്പം കൂട്ടായി കിളികളുടെ മധുര നാദവും കാഹള ശബ്ദവും ഉണ്ട് . ആകാശം കുങ്കുമ നിറത്തിൽ പരവതാനി വിരിച്ച സൂര്യനെ വരവേൽക്കുന്നു. ആ സമയത്ത്ക്ഷീണിതയായിനാളേക്ക് വിരിയുവനായി കാത്തിരുന്ന പൂമൊട്ടുകളും, മരച്ചില്ലകളിൽ ഇലകളും മറ്റ ജന്തു ജീവ ജാലങ്ങളും, അരുവിയും പ്രകാശം തട്ടി പതിയെപതിയെ എഴുന്നേൽക്കുന്നു. സൂര്യ പ്രകാശത്തിൽ അവക്കു പുതു ജീവൻ ലഭിക്കും.പിന്നീട്പ്രകൃതിയുടെ രണ്ടാഭാവത്തിലെക് ഉള്ള ചവിട്ടുപടിയായി..... ഈസമയത്ത് സൂര്യൻകത്തി ജ്വലിച്ച ക്രുദ്ധനായി ഇരിക്കുന്ന സമയം ആണ് . പക്ഷികളും, ഇലകളും, പൂക്കളും,പക്ഷി മൃഗാദികളും തളർന്ന് തല താഴ്ത്തും അസമയത്തും പ്രകൃതി താരാട്ടു പോലെ ഇളം കാറ്റു തഴുകി കൊണ്ട് ആശ്വസിപ്പിക്കും. ഭക്ഷണം അന്വഷിച്ച പറന്നു രസിച്ചിരുന്നപക്ഷികൾക് ഇ കാറ്റ് ഒരു തലോടൽ പോലെയാണ് . പിന്നീട് സൂര്യന്റെ ദേഷ്യത്തിന്കുറവ് വന്നു എന്ന മട്ടിൽ മടങ്ങാൻ യാത്രയായി. ആകാശം വീണ്ടും കുങ്കുമ നിറത്തിലെപരവധാനി വിരിച്ച കിളികളുടെ കാഹളം മുഴക്കി സൂര്യനെപ്രകൃതിയുടെ അടുത്ത പുതുമുഖമാവാൻ പറഞ്ഞയച്ചു. അതോടെപ്പം എല്ലാ ജന്തു ജാലങ്ങളും അവരവരുടെ പാർപ്പിടത്തിലേക്കു ചേക്കേറി. അതോടൊപ്പം പൂക്കൾ കൊഴിയുകയും ഇന്നലെകളുടെ പുതുമകളിൽ ജീവിച്ച ഇലകളും പൂക്കളും ആ നല്ല ഓർമകളിൽ പൊഴിയും.കുറച്ച് നിമിഷത്തെ ഈകാലയളവ് കഴിഞ്ഞാൽ പ്രക്യതി വേറെ ഭാവത്തിൽ ആവും.രാത്രിയുടെ അന്ധകാരത്തിൽ നമ്മെ പേടിപ്പിക്കുന്ന ഘോരമായ ശബ്ദത്തിൽ പ്രകൃതിയെ ആശ്വസിപ്പിക്കാൻ പൂർണ ചന്ദ്രനും താര ഗണങ്ങളും വിണ്ണിൽ പ്രകശം പടർത്തി നൃത്തം വൈകുന്നു. അതിൽ പ്രകൃതി സന്തോഷവതിയായി.പുതിയ പുലർകാലത്തെ വരവേല്പന്നതിനായി നിദ്രപൂകുന്നു... ഈ പ്രകൃതി എപ്പോളുംഒരു പോലെ യാണെങ്കിൽ നമുക്കും പക്ഷി മൃഗാദികൾക്കും എന്നും അലസതയുംജീവിതത്തിൽ മടുപ്പും ഉണ്ടാകുന്നു ഒരു പുതുമയും ഉണ്ടാവില്ല. ഇതു മാറാൻ പ്രകൃതി നമ്മേ

# നിറവ്

പല ഭാവങ്ങൾ കാട്ടി തരുന്നു. പ്രകൃതി യുടെ പുതുമയും സൗന്ദര്യം ആസ്വദിക്കുമ്പോൾ തന്നെ നമുക്ക് പുതു ജീവൻ കിട്ടുന്ന ഇതിനിടയിൽ വസന്തവും, മഞ്ഞും, മഴയും, വേനലും കടന്ന് പോകുന്നു. മനുഷ്യന് ആവശ്യം ആയ എല്ലാവസ്തു കളും ഓരോ കാലചക്രത്തിൽകൂടി നമുക്ക് . നമ്മൾ അറിയാതെ തന്നെ തരുന്നു. നമ്മൾ പ്രകൃതിക് നൽകുന്നത് വെറുംസങ്കടം, വേദനയും മാത്രം.പ്രകൃതിയെ സൗന്ധര്യ ഉള്ളതാകാൻ മരങ്ങളും, നദിയും,പക്ഷി മൃഗാദികളും, പൂക്കളും എല്ലാ ആവശ്യം ആണ് . പ്രകൃതി നമ്മുക്ക് നൽകുന്നത് പോലെ നമുക്കും പ്രകൃതിക് വേണ്ടി മരങ്ങൾ വെച്ച് പിടിപ്പിക്കുകയും, ചെടികൾ വക്കുകയും മനോഹരം ആക്കി മാറ്റം. അങ്ങിനെ നമ്മുടെ ഓരോ പ്രഭാതവും സുന്ദരം ആക്കാം........

വൈഷ്ണവി

ഒൻപത് എ

ജി എച്ച് എസ് എസ് ചാത്തന്നൂർ

# ഉള്ളം കവർന്ന ചിരി

ഇന്ന് ഞാൻ വീട്ടിൽ നിന്ന് ഇറങ്ങുവാൻ പതിവിലും നേരം വൈകിപ്പിച്ചു. ബസ്സ് കിട്ടരുത് എന്ന് മനപ്പൂർവം മനസ്സിൽ കണ്ട് തന്നെയാ ലേറ്റായിഇറങ്ങിയത് .ഇന്ന് കസിൻസ്  വീട്ടിലേക്ക് വരുമെന്ന് പറഞ്ഞിരുന്നു. അതുകൊണ്ട് ഇന്ന് ഞാൻ കോളേജിലേക്ക് പോകുന്നില്ല എന്ന് എത്ര പറഞ്ഞിട്ടും സമ്മതിക്കാതെ ഉമ്മ എന്നെ വീട്ടിൽ നിന്ന് ഓടി പിടിച്ചതാർന്നു. എന്നോടാ കളി ഏഴുമണിക്ക് വരുന്ന കോളേജ് ബസ് കിട്ടാൻ ബസ്റ്റോപ്പിൽ എത്തിയത് 7:10 ന് . കുറച്ചുനേരം നിന്നിട്ടും കോളേജ് ബസ് കാണാതായപ്പോൾ മനസ്സിൽ ലഡ്ഡു പൊട്ടി. എസ് ഓപ്പറേഷൻ വിജയിച്ചു. കോളേജ് ബസ് പോയി ഇനി ഇപ്പോൾ വീട്ടിലേക്ക് പോയാലോ വേണ്ടാ കുറച്ചുനേരം കൂടി കടന്നു നിൽക്കാം അല്ലെങ്കിൽ എന്നെ ലൈൻ ബസ്സിൽ പറഞ്ഞയക്കും. കുറച്ചുനേരം ഞാൻ മൊബൈലിൽ ഗെയിംസ് കളിച്ചിരുന്നു സമയം 7 :45 ആയി ഇനി ഇപ്പോൾ ലൈൻ ബസ്സിൽ പോയാലും ഒരു പീരിയഡ് കഴിയുമെന്നും കഴിയുമെന്നുംപിരിയഡ് കഴിയുമെന്നും  കഴിയുമെന്നും സാർ നല്ലപിരിയഡ് കഴിയുമെന്നും സാർ നല്ല ചീത്ത പറയും എന്നൊക്കെ വീട്ടിൽ പറയാം പക്ഷേ ഈ തള്ളി ഉമ്മയുടെ അടുത്തെ നടക്കോ. പെട്ടെന്നാണ് ബസ്റ്റോപ്പിൽ അടുത്ത നിൽക്കുന്ന ഒരു അപ്പാപ്പനെ ഞാൻ ശ്രദ്ധിച്ചത് അയ്യോ ഇങ്ങനെ ഉപ്പയെ അറിയുന്ന വല്ലോരും ആവോ? 7 നീ ഇവിടെ നിൽക്കുന്നത് പന്തികേട് അല്ല വേഗം മൊബൈൽ എടുത്ത് ബാഗിൽ വെച്ചു.നേരിട്ട് വീട്ടിലേക്ക് ചെന്നാൽ നല്ല ചീത്ത കേൾക്കും എന്നെ എനിക്കുറപ്പാണ് . അതുകൊണ്ട് ഫോണിൽ വിളിച്ചു പറഞ്ഞിട്ട് പോയാൽ മതി കുറച്ച് ഫോണിൽ ബാക്കി വീട്ടിൽ ചെന്ന് കേട്ടാൽ മതിയല്ലോ കയ്യിൽ മൊബൈൽ ഉണ്ട് പക്ഷേആ മൊബൈൽ കോളേജ് കൊണ്ടേ പോകുന്നത് വീട്ടിൽ അറിയില്ല. അതുകൊണ്ട് ബൂത്തിൽ നിന്ന് ഉമ്മയെ വിളിച്ചു. എന്റെ പ്രാർത്ഥന ഉമ്മ ഫോൺ എടുക്കണം എന്നായിരുന്നു. റബ്ബ് പ്രാർത്ഥന കേട്ടില്ല ഞാൻ ബസ്സ് വരാതിരിക്കാൻ പ്രാർത്ഥിച്ചു അത് കേട്ടോ പക്ഷേ ഈ പ്രാർത്ഥന കേട്ടില്ല. ഫോൺ എടുത്തതും ഉപ്പയുടെ ഒരു വല്ലാത്ത സൗണ്ടിൽ ഹലോ കേട്ടതും എന്റെ കിളി എങ്ങോട്ടോ പോയി ഉള്ള കിളിയെ പിടിച്ച് ഒപ്പിച്ചു നിനക്ക് ലൈൻ ബസ് പിടിച്ചു പോയിക്കൂടെ എന്ന് ഉപ്പ പറഞ്ഞു എന്നിട്ട് നല്ല കുട്ടിയായി ബസ്റ്റോപ്പിൽ പോയി നിന്നു. അവിടെ അപ്പാപ്പൻ ഉണ്ടായിരുന്ന അങ്ങേരെ ഞാൻ മൈൻഡ് പോലും ചെയ്തില്ല. പിന്നീട് ശ്രദ്ധിച്ചിരുന്നത് ഓരോ ബസ്സിന് ബോർഡുകൾ ആയിരുന്നു. കോളേജിൽ പോകുന്ന ബസിലെ ബോർഡ് കണ്ടപ്പോൾ ഞാൻ ഒന്നും നോക്കാതെ അതിൽ കയറി വിൻഡോ സീറ്റ് തന്നെ പിടിച്ചു. പെട്ടെന്ന് ഒരു വിളി കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ ഒരു വയസ്സായ സ്ത്രീയും പത്തിരുപത്തഞ്ച് വയസ്സുള്ള ഒരു യുവാവും ഉണ്ട് . ഞാൻ നോക്കിയതും ആ അമ്മ പറഞ്ഞു മോളെ ഒന്ന് ഇങ്ങോട്ടു നീങ്ങി ഇരിക്കാമോ മോനിന് അവിടെ ജനാലയുടെ അടുത്ത് ഇരിക്കണമെന്ന് . നോ കണ്ടായിരുന്നോ ഇവിടെ വേറെ എത്ര സീറ്റ് ഉണ്ട് എന്നിട്ടും ഇവിടെ ഇരിക്കണം എത്രേ എന്നോട് എനിക്ക് കാണാൻ പറയാൻ ഇയാളാരാ പ്രധാനമന്ത്രി ഞാൻ ഒന്നും മിണ്ടാതെ മനസ്സില്ലാമനസ്സോടെ ഞാൻ നീങ്ങിയിരുന്ന പിന്നെയാണ് അമ്മയും മോനും സംസാരിക്കുന്നത് ഞാൻ ശ്രദ്ധിച്ചത് . അമ്മേ നോക്കു ഒരു കാർ പോകുന്നു ആ കാറിന്റെ നിറം വെള്ള അമ്മയെ മറുപടിയും ഒരു കുഞ്ഞിനോട് സംസാരിക്കുന്നത് പോലെ തന്നെയായിരുന്നു ഇതൊക്കെ സംസാരിക്കുന്നതിനിടയിൽ അമ്മയുടെ കണ്ണുകളിൽ കണ്ണുനീർ ഉയരുന്നുണ്ടെങ്കിലും ഞാനവിടെ തുറിച്ചു നോക്കുന്നത് കണ്ട് അമ്മ അതൊക്കെ സംസാരത്തിനിടയിൽ തുടച്ചുമാറ്റി കൊണ്ടിരുന്നു എന്നിട്ട് ആ അമ്മ തന്റെ മുഖത്തെ ചിരി വരുത്തി. ആ നിമിഷം എന്റെ മനസ്സ് കത്തുന്നത് പോലെ തോന്നി പിന്നെ ഒന്നും കാണാൻ ഉള്ള ശക്തി ഉണ്ടായിരുന്നില്ല. വേഗം കൺപോളകൾ അടച്ചു ഈശോയെ ഈ അമ്മയെ ആണല്ലോ ഒരു

## നിറവ്

നിമിഷമെങ്കിലും പകയോടെ നോക്കിയത് . എത്ര ക്രൂരമാണ് എന്റെ മനസ്സ്ഇതുപോലെ വേദനിക്കുന്ന ഒരു അമ്മയുടെ മക്കൾ തന്നെയല്ലേ ഞാനും നാം പോലും അറിയാതെ എത്ര വേദനിപ്പിക്കുന്നു. ഒന്നും ചുറ്റുമുള്ള ലോകത്തെ ഉള്ളം കണ്ണുകൊണ്ട് കാണുവാൻ എന്നു പഠിക്കു?
കയ്യിൽ ഒരു തള്ള് കിട്ടിയപ്പോഴാണ് ആ മായാലോകത്തിൽ നിന്നും കണ്ണുകൾ ഉണർന്നത് . പിന്നെ മൊബൈൽ എടുത്തു അഞ്ചാറ് മിസ്കോൾ കണ്ടപ്പോഴാണ് ബോധം വന്നത് . വേഗം അടുത്തുനിൽക്കുന്ന ഒരു സ്ത്രീയോട് കൊടകര എത്തിയോ എന്ന് ചോദിച്ചു മറുപടി ഞാൻ പ്രതീക്ഷിക്കാത്തത് ആയിരുന്നു കിട്ടിയത് . മോളെ കൊടകര കഴിഞ്ഞല്ലോ പിന്നെ എന്റെ മനസ്സിൽ ഇടിവാൾ മിന്നുന്ന പോലെ ബസ്സ്റ്റോപ്പിൽ നിൽക്കുന്നവരുടെ മുഖം തെളിഞ്ഞു.

വേഗം എവിടെയൊക്കെയോ കിടക്കുന്ന ചെരുപ്പുകൾ കണ്ടുപിടിച്ചോ തിരക്കിനിടയിൽ അടുത്ത സ്റ്റോപ്പിൽ ചാടിയിറങ്ങി. അപ്പളും ആ അമ്മയുടെ മുഖം മനസ്സിൽ പതിഞ്ഞ പോൾ കൂടെ കൂട്ടിയിരുന്നു.

മുഹമ്മദ് ഷാമിൽ

പത്ത് എ

ജി എച്ച് എസ് എസ് ചാത്തന്നൂർ

# ചേച്ചിയമ്മ

മനു ബസ്സിലെജനാലയിലൂടെ പുറത്തേക്കു നോക്കി കൊണ്ടിരുന്നു. നല്ല മഴയും തണുപ്പുള്ള കുളിർക്കാറ്റും വീശിക്കൊണ്ടിരുന്നു. അയാളുടെ നീട്ടി വളർത്തിയ മുടിയിഴകൾ അലസമായി പാറികളിച്ചു. അയാളുടെ കയ്യിലെ തുണിസഞ്ചിയിൽ നിന്നും എം.ടിയുടെ അപ്പുണ്ണി( നാലുകെട്ട് ) വീർപ്പുമുട്ടുന്നുണ്ടായിരുന്നു.........കൂടെ അയാളും... എന്തിനെന്നറിയാതെ മനുവിൻ്റെ കണ്ണുകൾ നിറഞ്ഞു. പുറത്തേക്കു നോക്കിയപ്പോൾ കണ്ണുകളെ കുളിരണിയിക്കും വിധം ഒരു കാഴ്ച അയാൾ കാണുന്നു. ഒരു ചേച്ചിയും അനിയനും.... മനുവിന്റെ ഹൃദയം ഒന്ന് പിടഞ്ഞു. അവന്റെ കണ്ണുകളിൽ നിന്ന് കണ്ണീർ ഒഴുകികൊണ്ടിരുന്നു. തന്റെ കൊച്ചനുജനെ ചേർത്ത് പിടിച്ച് കൊണ്ട് പോകുന്ന ഒരു ചേച്ചി, അവൻ മിഠായിക്ക് വാശിപ്പിടിച്ചപ്പോൾ മിഠായി വാങ്ങികൊടുത്തും, അവന് കുട ചൂടി കൊടുത്തും, കൂടെ നടന്നതും മനു കണ്ടുകൊണ്ടിരുന്നു. ആർക്കും ആ കാഴ്ച വളരെ ആനന്ദകരം തന്നെയായിരിക്കും എന്നതിൽ സംശയമില്ല. ഇത് കണ്ട മനുവിന്റ കണ്ണുകൾ വീണ്ടും നിറഞ്ഞൊഴുകി. അവൻ തന്റെ സങ്കടം അടക്കിപിടിച്ച് മെല്ലെ സീറ്റിൽ തലചായ്ച്ച്  മയങ്ങി.മയക്കത്തിൽ തനിക്ക് ഓർമ്മ മനു അവന്റെ വെച്ചനാൾ മുതൽ അവൾ എന്റെ കുട്ടിക്കാലം ഓർത്തു.

അമ്മയായിരുന്നു....എന്നെ കുളിപ്പിച്ചും, കളിപ്പിച്ചും, എന്നെ ഞാനാക്കിയതും അവളായിരുന്നു. എന്റെ ചേച്ചി അവൾ ചേച്ചി മാത്രമല്ല എന്റെ "ചേച്ചിയമ്മ" ആയിരുന്നു. അവൾ എൻ്റെ എല്ലാ കാര്യങ്ങളും ശ്രദ്ധിച്ചിരുന്നു. എനിക്ക് ആദ്യക്ഷരം ചൊല്ലിപടിപ്പിച്ച എന്റെ ഗുരുനാഥയായിരുന്നു. എന്റെ അമ്മയേക്കാൾ ഏറെ എന്നെ സ്നേഹിച്ചത് എന്റെ ചേച്ചിയാണ് . ഞാൻ ചെയ്യുന്ന ഒരോ തെറ്റിനും അടിവാങ്ങയതും അമ്മയിൽ നിന്ന് വഴക്ക് കേട്ടതും ചേച്ചിയാണ് . ആരും എന്നെ നോവിക്കുന്നത് ഇഷ്ടപ്പെടാത്തവളായിരുന്നു. എന്നിലെ ഓരോ ആഗ്രഹത്തെയും, എന്റെ കഴിവുകളേയും തിരിച്ചറിഞ്ഞ് എന്നെ എല്ലാ നല്ല കാര്യങ്ങൾക്കു പ്രോത്സാഹിപ്പിച്ചതും അവളാണ് . എന്റെ ജീവിതത്തിലെ ഓരോ ഉയർച്ചയ്ക്കും കാരണമായവൾ. ഞാൻചെയ്യുന്ന ഓരോ തെറ്റിനുംഎന്നെ ശാസിച്ചവൾ,കള്ളം പറയരുതെന്നും, മറ്റുള്ളവരെ പറ്റിക്കരുതെന്നും എന്നെ പഠിപ്പിച്ചു. ഒന്നുമറിയാത്ത എന്നെ എന്തൊക്കെയോ ആക്കിയവൾ..... മഴ നനഞ്ഞ് സ്കൂളിൽ നിന്ന് വരുമ്പോൾ നെഞ്ചോട് ചേർത്ത് പിടിച്ച് ഒരു കുടക്കീഴിൽ നിർത്തിയതും, എന്നെ ഊട്ടിയതും, തരാട്ടുപാടി ഉറക്കിയതും..... ഇന്നലെ നടന്നതെന്നപോലെ കണ്ണിലൂടെ മിന്നിമറഞ്ഞ് കൊണ്ടിരുന്നു. ഒടുവിൽ അവൾ എന്നെ ഒറ്റയ്ക്കാക്കികൊണ്ട് വധുവായി അവൾ ഇറങ്ങിപ്പോയപ്പോൾ അറിഞ്ഞിരുന്നില്ല ഞാൻ

നിറവ്

എന്നന്നേക്കുമായി തനിച്ചാവുകയാണെന്ന് . എന്റെ കുഞ്ഞു മിനസ്സിനേയു ശരീരത്തേയും ഒരു പോലെ തളർത്തിയ ആ നിമിഷം എന്റെ കൈവിരലുകളിൽ നിന്നും ആദ്യമായ് ആ കൈകൾ പിടവിട്ട ദിവസം, ഞാനൊറ്റയ്ക്കായ ദിവസങ്ങൾ കൂട്ടുകാരില്ല, കളിയില്ല, ചിരിയില്ല...... ഇരുട്ടായിരുന്നു.ഒടുവിൽ ഒരുപാട് നാളുകൾക്ക് ശേഷം ഇരുട്ടിന്റെ മറനീക്കി ഞാൻ വെളിച്ചത്തിലേക്ക് വന്നു. ഒറ്റയ്ക്ക് ചിരിക്കാൻ പഠിച്ചു,കളിക്കാൻ പഠിച്ചു. ഭൂതകാലം എന്നെ നോക്കി പതിയെഒന്ന് മന്ദഹാസിച്ചു.അപ്പോഴും എന്റെ കണ്ണിൽ നിറഞ്ഞ് നിന്നത് എന്റെ ചേച്ചിയുടെ ആ മുഖമാണ് ....... പെട്ടെന്ന് ഒരു കൈ വന്ന് തോളിൽതട്ടി .... പെട്ടെന്ന് സ്വപ്നത്തിൽ നിന്ന് ഉണർന്നു തന്റെ തണുത്ത കൈകൾ കൊണ്ട് മുഖം തുടച്ച് അവൻ എഴുന്നേറ്റു. ബസ്സിൽ നിന്ന് ഇറങ്ങി ഒരു അനിശ്ചിതത്തിലേക്ക് എന്ന പോലെ മന്ദ നടന്നു നീങ്ങി...........

ഹിബ നസ്റിൻ

എട്ട് എ

ജി എച്ച് എസ് എസ് ചാത്തന്നൂർ

# പാറു

കുട്ടികൾക്കേറെ ഇഷ്ട്ടമുള്ള ആളാണ് പാറു എന്ന മുത്തശ്ശി. ഈ മുത്തശ്ശി കുട്ടികളായാണ് ഏറെ കൂട്ട് .അവർക്ക് കഥകളും പാട്ടുകളും ഒക്കെ പറഞ്ഞു കൊടുക്കുമായിരുന്നു ഈ മുത്തശ്ശി. ഒരു ചേരിയിലാണ് ഇവരുടെ താമസം. അടുത്ത് വീടുള്ള പത്തിരുപത് കുട്ടികളുമായാണ് മുത്തശ്ശിയുടെ പ്രധാന കൂട്ട് . ഇവർ കഷ്ടപ്പെട്ടു തന്നെയാണ് ജീവിതം ഇതു വരെ എത്തിച്ചത് .തൻ്റെ മക്കൾക്ക് കാര്യ പ്രാപ്തി ആയപ്പോൾ അവർക്കു തന്നെ തോന്നി അമ്മയേ ഇനി കഷ്ടപ്പെടുത്തി കൂടാ എന്ന് . ഇവർ ഒരു ഭാഗ്യം ചെയ്ത സ്ത്രീതന്നെയാണ് .ഇത്തരത്തിലുള്ള മക്കൾ ലോകത്തുള്ള എല്ലാവർക്കും ഒരു വലിയ പാഠം തന്നെയാണ് . ഈ മുത്തശ്ശി ചിലപ്പോൾ ചില ഉപദേശങ്ങൾ നൽകും പക്ഷേ എല്ലാവർക്കും അത് പിടിക്കില്ല. ഒരു പള്ളിക്കൂടം പോലെ മുത്തശ്ശിയുടെ കഥകൾ കേട്ട് കുട്ടികൾ ശ്രദ്ധിച്ചിരിക്കും. ഈ മുത്തശ്ശി ചെറുപ്പത്തിൽ അനുഭവിച്ച വിഷമങ്ങൾക്കൊടുവിൽ അവർക്ക് കിട്ടിയ വരധാനം ആണ് ഈ മക്കൾ . ആ മുത്തശ്ശി തൻ്റെ കൊച്ചുമക്കളേ പോലെ കരുതുന്ന ആ ചേരിയിലെ മക്കൾക്ക് എന്നും ഒരു അവർക്ക് ഒരു സ്നേഹിതയായിരിക്കും.

ശരണ്യ
ഒൻപത് എ

# അമ്മ മലയാളം

എന്റെ അമ്മയായ മലയാളഭാഷക്ക്,

ഈ ഭൂമിയിൽ ഉള്ള സർവ്വവസ്തുക്കൾക്കും ഓരോ ഭാഷയുണ്ട് ഓരോരുത്തരും അവരവരുടെ ഭാഷയെ തന്നെയാണ് സ്നേഹിക്കുന്നത് അതുപോലെ ഞാൻ ഈ ഭൂമിയിൽ പിറന്നനാൾ മുതൽ കേൾക്കുന്നതും എന്റെ ഹൃദയത്തിൽ പതിഞ്ഞതും നീയാണ്. ഓരോ നിമിഷവും നീയാണെൻ മനസ്സിൽ. മൗനത്തിലും ചിന്തകളിലും അങ്ങനെ എല്ലാമായി നീ എന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചു. ഓരോ രാജ്യങ്ങളിലും അവരുടെ ഭാഷ ഏതാണോ അതാണ് അവരുടെ മാതൃഭാഷ അങ്ങനെ ഈ കേരളത്തിൻ കിടാങ്ങളുടെ മനസ്സിലും നീ സ്ഥാനം പിടിച്ചു. ഞാൻ പോലും അറിയാതെ നീ എന്റെ മനസ്സിൽ പടർന്നു കൊണ്ടേ ഇരുന്നു.നിന്റെ ഈ നാടിന്റെ അമ്മയായി പ്രഖ്യാപിച്ചു. അങ്ങനെ എന്തെല്ലാം ആയി നീ. ഇത്രയും നാൾ എല്ലാവരുടെയും മനസ്സിൽ നിലനിന്നിരുന്ന നിന്നെ ഈ ഭൂമിയിൽ നിന്ന് എന്നെന്നേക്കുമായി അകറ്റാൻ ശ്രമിക്കുന്നു. ഈ നാടിന്റെ അമ്മയായ നിന്നെ ഈ മണ്ണിൽ നിന്ന് വേർപ്പിരിച്ചാൽ ഈ നാടിന്റെ അവസാനമാവും അന്ന് നീ ഈ മണ്ണിൽ നിന്ന് പടിയിറങ്ങുമ്പോൾ തീരാദുഃഖത്താൽ ഈ ഭൂമി കത്തിയെരിയും. ജീവിതത്തിന്റെ വസന്തകാലമെന്നു കവികൾ പറയുന്ന ഈ കാലഘട്ടത്തിന്റ അവസാനമടുത്ത്തുടങ്ങി...ഇനിയുള്ള കാലങ്ങളിൽ കവികളും, കഥാകൃത്തരും എല്ലാം ഓർമ്മകളായി മാറും!!
ഈ ഭൂമിയിൽ ആരെയും അമിതമായി ആശ്രയിക്കരുത്. വെളിച്ചമുള്ള നാൾ വരെ മാത്രമാണ് സ്വന്തം നിഴൽ പോലും കൂടെയുണ്ടാവൂ എന്ന് കാലം തന്നെ പഠിപ്പിച്ചു. കാലം മാറ്റാത്ത മനുഷ്യരും മാറ്റം കടന്ന് ചെല്ലാത്ത ജീവിതങ്ങളുമില്ല.... മറ്റൊന്നിന് വഴിയൊരുക്കാൻ മാറ്റങ്ങൾ എന്നും അനിവാര്യമാണെന്നും തെളിഞ്ഞു. ജീവനില്ലാത്ത നീ എന്നും ഓരോ ഹൃദയങ്ങളിലൂടെയും ജീവിക്കും. ഈ കാലത്തിൽ അവശേഷിക്കുന്ന ഓരോ മനസ്സിലൂടെയും നീ പുനർജനിക്കും!!

നിന്നിൽ നിന്നാണെന്റെ ഉത്ഭവം അങ്ങനെ ഓരോ നിന്നിൽ നിന്ന് ഉത്ഭവിക്കട്ടെ!

സ്നേഹപൂർവ്വം

**ജാസ്മിൻ**

**പത്ത് എ**

# സ്വപ്ന ജാലകം

ജീവിതത്തിൽ ചിലതുണ്ട് നടക്കുന്നതും നടക്കാത്തതുമായ ഒരു പാട് കാര്യങ്ങൾ കാണുവാൻ സാധിക്കുന്ന ഒരു സ്വപ്നജാലകം. സന്തോഷമേകുന്നതും, പേടിപ്പിക്കുന്നതും, സങ്കടമേകുന്നതുമായ ഒത്തിരി സ്വപ്നങ്ങൾ .ചിലപ്പോൾ ചിലത് നമ്മൾ വിട്ടു കളയാറുമുണ്ട് . എന്നും നമുക്ക് കൂട്ടുണ്ടാകുന്നത് ഇത്തരം ചില സ്വപ്നങ്ങളാണ് . ഭംഗിയേറിയ ഒരു പൂന്തോട്ടം, പേരറിയാത്തതും അറിയുന്നതുമായ ഒത്തിരി പുഷ്പങ്ങൾ. വസന്തം പരത്തുന്ന പൂക്കൾ,വർണ്ണ ശഭളമായ കാഴ്ചകൾ, ചിത്രശലഭങ്ങളുടെ ഒരു പൂന്തോട്ടം, കണ്ണിന് കുളിർമ്മയേകുന്ന കാഴ്ചകൾ ,വിവിധ വർണ്ണത്തിലുള്ള ഇലകളുള്ള ഏറെ മരങ്ങൾ, മരച്ചില്ലകളിൽ ഓടിക്കളിക്കുന്ന അണ്ണാറക്കണ്ണന്മാർ, ഒത്തിരി കിളിക്കൂട്ടുകൾ , പക്ഷികളുടെ സ്വരമാധുര്യം ചെവിയിൽ എപ്പോഴും മുഴങ്ങി കേൾക്കാം. പെട്ടെന്നാണ് അവൾ കണ്ണു തുറന്നത് . സ്വപ്ന ജാലകം വീണ്ടും അടച്ചു പൂട്ടി അവൾ ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് കടന്ന് ചെന്നു. അപ്പോഴാണ് അവൾക്ക് മനസ്സിലായത് തന്റെ കണ്ണിന് കുളിർമ്മയേകിയ ആ കാഴ്ച്ച ഒരു സ്വപ്നമായിരുന്നു എന്ന്. സ്വപ്നം കാണാൻ ഏറേ ഇഷ്ടപ്പെടുന്നവരാണ് നമ്മളെല്ലാവരും. അതുപോലെ അവൾക്കും ഇഷ്ടമായിരുന്നു. പിന്നേ വീട്ടുകാരോടും, കൂട്ടുകാരോടുമൊക്കെ വിശദമായി പറഞ്ഞു തന്റെ സ്വപ്നത്തേ പ്രദർശിപ്പിക്കുവാനാണ് തിടുക്കം. തന്റെ സന്തോഷം മറ്റുള്ളവരായി പങ്കിടാനുള്ള ധിറുതി. അവളോട് നിനക്ക് എന്തു ചെയ്യാനാണ് ഏറെ ഇഷ്ടം എന്നു ചോദിച്ചാൽ അവൾ പറയും ഉറങ്ങാൻ............

സ്വപ്ന ജാലകം തുറന്ന് ആ സുന്ദരമായ ലോകത്തക്ക് കടന്നു ചെല്ലാൻ .... പക്ഷെ അവളുടെ അമ്മക്കും അച്ഛനും അതത്ര രസിച്ചില്ല .പഠന കാര്യങ്ങളിൽ പോലും ശ്രദ്ധയില്ലാതെ ഉറക്ക ജീവിയായി മാറിയിരിക്കുന്ന അവൾ. തന്റെ സ്വപ്നക്കളെ കഥയാക്കി കൊച്ചു പുസ്തകത്തിൽ എഴുതുമായിരുന്നു അവൾ. അതും ആർക്കും ഇഷ്ടമായിരുന്നില്ല. ആരെല്ലാം അടിച്ചമർത്തിയാലും അവൾ തന്റെ ജോലി തന്നെ തുടർന്നു .പത്താം ക്ലാസിൽ തോറ്റതോടു കൂടി അവളുടെ അച്ചൻ അവളുടെ പഠിപ്പവസാനിപ്പിച്ചു. അവളുടെ അച്ചൻ അവളോട് മിണ്ടാതേയായി വീട്ടിൽ ഒറ്റപ്പെട്ട അവസ്ഥയായി. എന്നാലും അവൾ തന്റെ സ്വപ്നങ്ങളെ സുഹൃത്തുക്കളാക്കി. ജീവിതത്തിൽ ഒന്നും നേടണമെന്ന് അവൾക്കുണ്ടായിരുന്നില്ല. ഒരു ലക്ഷ്യവും ഉണ്ടായിരുന്നില്ല. അവൾക്ക് 18 വയസ്സ് തികയാൻ ഉള്ള പിറന്നാൾ അടുത്തു . അവളുടെ അച്ചന്റെ വലിയ ആഗ്രഹമായിരുന്നു അവളെ ഡോക്ടർ ആക്കാൻ. പക്ഷേ തന്റെ മകളെ കൊണ്ട് അത് സാധിച്ചു തരാൻ കഴിയില്ല.അതിൽ അദ്ദേഹത്തിന് അവളോട് വലിയ അമർഷമുണ്ടായിരുന്നു. മകളെ കെട്ടിച്ചു വിടാനായിരുന്നു അദ്ദേഹത്തിന്റെ തിരുമാനം. 18 വയസ്സ് തികഞ്ഞതിന് പിറ്റേ ദിവസം അവൾക്ക് വേണ്ടി ഒരു ചെറുക്കനെ കണ്ടെത്താൻ ബ്രോക്കറേ ഏൽപ്പിച്ചു. മകളുടെ സമ്മതം പോലും ചോദിക്കാതെ ആ വിവാഹം

ഉറപ്പിക്കുകയും ചെയ്തു.

ഇതറിഞ്ഞ അവൾക്ക് സങ്കടം സഹിക്കാനായില്ല .അവളെ വീട്ടുകാർ വെറുത്തെങ്കിലും അവൾക്ക് അവരെ വെറുക്കാൻ ആവില്ലായിരുന്നു. അവളുടെ വീട്ടുകാരെ പോലെയായിരുന്നില്ല അവളുടെ ഭർത്താവ് . തന്റെ ആഗ്രഹം എന്തെന്ന് മനസ്സിലാക്കി അയാൾ അവളുടെ കൂടെനിന്നു. അവൾ എഴുതിയ ഓരോ സ്വപ്നങ്ങളും പുസ്തകങ്ങളാക്കി പ്രസിദ്ധീകരിച്ചു.അന്നവൾക്ക് മനസ്സിലായി തന്റെ ലക്ഷ്യം കഥാരചന ആണെന്നും താൻ ഒരു കഥാകാരി ആണെന്നും. ജീവിതം മാറി മറിഞ്ഞത് വിവാഹ ശേഷമാണ് .തന്നെ വെറുപ്പോടെ നോക്കിയിരുന്ന അച്ഛൻ തനിക്ക് നൽകിയ വിവാഹ

ജീവിതത്തിൽ അച്ഛനോട് എന്നും കടപ്പെട്ടിരുന്നു. അവളുടെ കഥകൾക്ക് ഒത്തിരി പ്രോത്സാഹനങ്ങൾ ലഭിച്ചി രുന്നു. അവൾ മരണം വരെ കഥാരചന തുടർന്നു.
ഭർത്താവിന് മുൻപ് തന്നെ അവൾ മരണമടഞ്ഞ് യഥാർത്ഥ സ്വപ്ന ലോകത്തേക്ക് യാത്രയായി. എന്നാലും അവൾ അവളുടെ കഥകളിലൂടെ വായനക്കാരുടെ മനസ്സിൽ നിറഞ്ഞു നിന്നു.

തന്റെ ദൃഢപ്രയത്നം കൊണ്ടും തനിക്കു ചുറ്റുമുള്ളവരുടെ പിന്തുണ കൊണ്ടും അവൾ അവളുടെ ലക്ഷ്യം പൂർത്തിയാക്കി.

ശരണ്യ
ഒൻപത് എ

ജി എച്ച് എസ് എസ് ചാത്തന്നൂർ

# വഴികാട്ടി

മറന്നു പോയ

**വഴികളിൽ**

**ചിരിതൂകി ,**

**തേഞ്ഞുപോയ**

**പാടവരമ്പിൽ**

**അടർന്നു**

**പോകാത്ത**

**മൺതിട്ടായി ,**

**ചില കാഴ്ചകൾ**

**നമ്മെ**

**കാത്തിരിക്കയാവാം**

**എന്ന പ്രതീക്ഷയാണ്**

**നടക്കാനുള്ള പ്രേരണ ...**

**തളർന്നുറങ്ങിയാൽ**

**ഉണരാനുള്ള**

**ഉൾക്കാഴ്ചയോ ?**

**മരണം പോലെ**

**നിശ്ശബ്ദമായ**

**ഉറക്കത്തിന്നവസാനം**

**ഓരോ പ്രഭാതവും**

**വിളിച്ചുണർത്തുന്ന**

**ദീപ്തമായ**

**സ്നേഹവും !!**

**- ചിത്രലേഖ -**

ജി എച്ച് എസ് എസ് ചാത്തന്നൂർ

# മധുരം

പൂവിനിതളിലും

മാമ്പഴക്കൊമ്പിലും

കാറ്റിൻ കരളിലും

മധുരമുണ്ടോ ?

കിളിയുടെ പാട്ടിലും

പാട്ടിന്റെ ഇമ്പിലും

അമ്മതൻ വാക്കിലും

മധുരമുണ്ടോ ?

എൻകൊച്ചു വീട്ടിലും

എൻസ്വന്തം നാട്ടിലും

പാരിൽ മുഴുവനും

മധുരമുണ്ടോ ?

പാരാകെ സ്നേഹമാം

മധുരിക്കുമോർമ്മകൾ

കായ്ക്കുന്ന മരമാണ

സ്നേഹം !മരമാണ സ്നേഹം

തളിരിലയാണ സ്നേഹം

തളിരിൻ സ്നേഹത്തിൽ

മധുരമുണ്ടേ !

പൂവിനിതളിലും

മാമ്പഴക്കൊമ്പിലും

കാറ്റിൻ കരളിലും

ജി എച്ച് എസ് എസ് ചാത്തന്നൂർ

## നിറവ്

മധുരമുണ്ടെ !

കിളിയുടെ പാട്ടിലും

പാട്ടിന്റെ ഇമ്പിലും

അമ്മതൻ വാക്കിലും

മധുരമുണ്ടെ !

എൻകൊച്ചു വീട്ടിലും

എൻസ്വന്തം നാട്ടിലും

പാരിൽ മുഴുവനും

മധുരമുണ്ടെ !

ലോകമാം സ്നേഹം

പകരുന്ന ദിവ്യനായ്

ലോകം മുഴുവനും

മധുരമുണ്ടെ !

ലോകം മുഴുവനും

മധുരമുണ്ടെ !

ആദ്യ തലേക്കര

അഞ്ച് എ

ജി എച്ച് എസ് എസ് ചാത്തന്നൂർ

# യാത്ര



പ്രകൃതിയെ തൊട്ടുരുമ്മി ഒരു യാത്ര .യാത്രകൾ പലതുണ്ടായിട്ടുണ്ടെങ്കിലും ഇതൊരു നവ്യാനുഭവം. കണ്ണും മനസ്സും നിറച്ച കാഴ്ചകൾ .... സിംഹവാലനും അവന്റെ പ്രിയ മുള്ളൻ ചക്കയും വർണശലഭങ്ങളും കാട്ടരുവികളും സൈലന്റ് വാലിയുടെ ആകാശക്കാഴ്ചയും ....പ ിന്നെ യാത്രക്ക് മുമ്പേ വില്ലനായി മനസ്സിലിടം പിടിച്ച അട്ടക്കുട്ടൻമാരും .... അങ്ങനെയങ്ങനെ......

യാത്രയെ പ്രിയാനുഭവമാക്കിയ രണ്ടു പേർ ... ഒറ്റപ്പാലത്തിനപ്പുറത്ത് എളിമയുടെ സ്നേഹത്തിന്റെ മുഖങ്ങളായി നമ്മൾ കാണാറുള്ള സ്ത്രീകളുണ്ട് ... അവരിൽ രണ്ടു പേർ.....

പാലക്കാട്ടുകാരി കണ്ടക്ടർ സിന്ധു , കല്ലേക്കാട്ടുകാരി കോ ഓർഡിനേറ്റർ ധന്യ....

എല്ലാം നിശ്ശബ്ദതയുടെ താഴ് വരയെ മനോഹരമാക്കിയ അനുഭവങ്ങൾ

- ദിവ്യ -



# ഒറ്റയ്ക്ക്

ഒറ്റയ്ക്കിരിക്കുവാൻ ഇഷ്ടമല്ലെ നിക്കോർമ്മ വെച്ച നാളതു മുതൽ
ഒറ്റയാവാതിരിക്കാൻ കൂട്ടരുമൊത്തെൻ സ്വപ്നങ്ങളൊക്കെയും കെട്ടഴിക്കാറുണ്ടെപ്പൊഴും
കെട്ടഴിച്ചെത്തുന്ന സ്വപ്നങ്ങളെന്നെ കൊട്ടും കുരവയുമായ് തട്ടിയുണർത്താറുണ്ടെപ്പൊഴും
തട്ടിയും മുട്ടിയും പൊട്ടാതെ ഞാനെൻ ഇഷ്ട സ്വപ്നങ്ങളെ
തലോടാറുണ്ടെപ്പൊഴും !!
ഒറ്റയ്ക്കിരിക്ക ലൊരു
ശീലമായതിപ്പോൾ
കട്ടുകൊണ്ടു പോയതാരെൻ
സ്വപ്നങ്ങളൊക്കെയും
ഒറ്റയ്ക്കിരിക്കുമ്പോൾ പൊട്ടിയ പട്ടം പോൽ
നട്ടം തിരിയുന്നതെൻ
സ്വപ്നങ്ങളൊക്കെയും

ഒറ്റയ്ക്കിരിക്കുവാൻ
ശീലമാക്കണമെന്നെൻ
പൊട്ടിയ മാനസം
വീണ്ടുമുരയ്ക്കുന്നു !!

- ഗീത -

ജി എച്ച് എസ് എസ് ചാത്തന്നൂർ